പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1402 — 13.06.2014 ൽ മറുപടിക്ക്

പരസ്യത്തിന് ചെലവായ തുക

**ചോദ്യം** — **മറുപടി**

ശ്രീ.കെ.വി.അബ്ദുൽ ഖാദർ

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും
സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാരിന് ഓരോ സാമ്പത്തിക വർഷവും പരസ്യ ഇനത്തിൽ പി.ആർ.ഡി വഴിയും അല്ലാതെയും ചെലവായ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാരിന് ഓരോ സാമ്പത്തിക വർഷവും പരസ്യ ഇനത്തിൽ പി.ആർ.ഡി വഴി ചെലവായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള പരസ്യം പി.ആർ.ഡി വഴിയാണ് നൽകുന്നത്.

| സാമ്പത്തിക വർഷം | ടെൻഡർ | ഡിസ്പ്ലേ | ഇലക്ട്രോണിക് മാധ്യമം |
|---|---|---|---|
| 2011-12 | 6 കോടി | 24,88,92,778 | 5,28,93,924 |
| 2012-13 | 6 കോടി | 14,98,69,296 | 5,49,40,972 |
| 2013-14 | 6.5 കോടി | 11,78,52,200 | 5,73,84,209 |
| 2014-15 | തുകയൊന്നും ചെലവഴിച്ചിട്ടില്ല. | 9,22,445 | 2,32,84,640 |

(ബി) ഈ സർക്കാർ പരസ്യം നൽകിയ വകയിൽ വിവിധ തരം മാധ്യമങ്ങൾക്കായി കൊടുത്തു തീർക്കാൻ ബാക്കി നിൽപുള്ള തുക മൊത്തം എത്രയാണ് ;

(ബി) ഈ സർക്കാർ പരസ്യം നൽകിയ വകയിൽ വിവിധ തരം മാധ്യമങ്ങൾക്കായി ഏകദേശം 20,27,51,166/- രൂപ കൊടുത്ത് തീർക്കാൻ ബാക്കിയുണ്ട്. പരസ്യം നൽകിയ വകയിൽ ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) പി.ആർ.ഡി വഴി പ്രസിദ്ധീകരണങ്ങൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്ത ഇനത്തിൽ ഈ സർക്കാർ ഓരോ വർഷവും എന്തു തുക വീതം ചെലവഴിക്കുകയുണ്ടായി ?

(സി) പി.ആർ.ഡി വഴി പ്രസിദ്ധീകരണങ്ങൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്ത ഇനത്തിൽ ഈ സർക്കാർ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വീതം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2011-12 | 81,90,258 |
| 2012-13 | 74,93,857 |
| 2013-14 | 13,80,893 |
| 2014-15 (9/06/2014 വരെ) | 45,04,322 |

സെക്ഷൻ ഓഫീസർ